**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3622** — **05-08-2021 - ൽ മറുപടിയ്ക്ക്**

**എൽ.ഇ.ഡി. ബൾബ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് ഫിലമെന്റ് രഹിത കേരള (FFK) പദ്ധതി വഴി LED ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയിൽ സംസ്ഥാനത്തുള്ള മുഴുവൻ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയേറിയതും കൂടുതൽ പ്രകാശം നല്കുന്നതുമായ LED ബൾബുകൾ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ വാങ്ങിയിരുന്നു. ഇതിൽ 93.3 ലക്ഷം ബൾബുകൾ ഇതിനോടകം വിതരണം നടത്തിയിട്ടുണ്ട്. 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ബൾബുകളുടെ വിതരണം ഇപ്പോഴും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ